# ‘സൗഖ്യമാകുവാൻ മനസ്സുണ്ടോ?’

## യോഹന്നാൻ 5:5,6

‘‘എന്നാൽ മുപ്പത്തെട്ടു ആണ്ടു രോഗം പിടിച്ചു കിടന്നോരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. അവൻ കിടക്കുന്നതു യേശു കണ്ടു, ഇങ്ങനെ ഏറിയ കാലമായിരിക്കുന്നു എന്നറിഞ്ഞു: നിനക്കു സൌഖ്യമാകുവാൻ മനസ്സുണ്ടോ എന്നു അവനോടു ചോദിച്ചു.’’

38 വർഷം രോഗം പിടിച്ച് കിടന്ന ഒരു മനുഷ്യൻ ബേഥെസ്ദാ എന്ന കുളക്കടവിൽ ഉണ്ടായിരുന്നു. ഈ കാലമത്രയും ആരും അവനെ അന്വേഷിക്കുന്നില്ല, ഗൗനിക്കുന്നില്ല. എന്നാൽ അവൻ കിടക്കുന്നത് യേശു കണ്ടു. തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചതിനുശേഷം ആദ്യമായി യെരുശലേമിലേക്കു ഉത്സവത്തിനായി വരികയാണ്. ഇങ്ങനെ അവൻ കിടക്കുന്നത് ഏറിയ കാലമായിരിക്കുന്നു എന്ന് യേശു അറിഞ്ഞു. എന്നിട്ട് യേശു ഒരു ചോദ്യം ചോദിക്കുകയാണ് – നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ? എന്നാൽ ആ ചോദ്യത്തിനു മുമ്പിൽ മറുപടി കൊടുക്കുന്നത് പരാതി ആണ്. വെള്ളം കലക്കുമ്പോൾ എന്നെ കുളത്തിൽ ആക്കുവാൻ എനിക്ക് ആരുമില്ല. ഞാൻ തന്നെ ചെല്ലുമ്പോൾ മറ്റൊരുത്തൻ എനിക്കു മുമ്പായി ഇറങ്ങുന്നു. യേശുവിനു കിട്ടിയ മറുപടി തൃപ്തികരമല്ലായിരുന്നു, എങ്കിലും യേശു അവിടെ പ്രവർത്തിച്ചു. യേശു അവനോട് എഴുന്നേൽക്ക്, മതി കുറ്റം പറഞ്ഞത്. യേശുവിന്റെ ആ വാക്കിന്റെ മുമ്പിൽ ഒരു ശത്രുവിനും അവനെ പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. ഒരു ശക്തിക്കും അവനെ വീണ്ടും കുളക്കരെ കൊണ്ടു കിടത്താൻ സാധിച്ചില്ല. 38 വർഷം രോഗിയായി കിടന്നവൻ ഇതാ സൗഖ്യം പ്രാപിച്ചു കിടക്ക എടുത്തു നടക്കുന്നു.

പിന്നെ യേശു അവനെ കണ്ടത് ദൈവാലയത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനായി, സ്തുതിപ്പാനായി, ആരാധിപ്പാനായി കടന്നുവന്നിരിക്കുന്നു. അതുമാത്രമല്ല അവൻ തന്നെ സൗഖ്യമാക്കിയത് യേശു എന്ന് യഹൂദന്മാരോട് അറിയിച്ചു. അവൻ സകലരോടും തന്റെ സാക്ഷ്യം പ്രസ്താവിച്ചു.

നമ്മുടെ ജീവിതത്തിൽ പല ഘട്ടങ്ങളിലും നമ്മെ ആരും അന്വേഷിക്കാതെ, ആരും ഗൗനിക്കാതെ ഇരിക്കുമ്പോൾ യേശു നമ്മെ നോക്കുന്നു, യേശു അന്വേഷിക്കുന്നു. മറ്റുള്ളവർ കാണുന്നതുപോലെ അല്ല യേശു നമ്മെ കാണുന്നത് എന്നോർക്കുക. നമ്മുടെ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ പ്രശ്നങ്ങളെയും യേശു അറിയുന്നു. അവന് മറഞ്ഞിരിക്കുന്നത് ഒന്നും തന്നെയില്ല. സങ്കീ. 139:4 ൽ ഇപ്രകാരം പറയുന്നു, യഹോവേ നീ മുഴുവനും അറിയാതെ ഒരു വാക്കുപോലും എന്റെ നാവിന്മേൽ ഇല്ല. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. യേശു നമ്മുടെ പാപത്തിന്മേൽ, പ്രശനങ്ങളിന്മേൽ

ഒരു ചോദ്യം ചോദിക്കുകയാണ് – സൗഖ്യമാകുവാൻ നിനക്കു മനസ്സുണ്ടോ? നാം കുറ്റം ആരോപിക്കാതെ നമ്മുടെ ഹൃദയത്തിന്റെ ആഗ്രഹം യേശുവുമായി പങ്കു വയ്ക്കുക. കർത്താവിന് കഴിയാത്ത ഒരു കാര്യവുമില്ലല്ലോ. സങ്കീ. 118:8 ൽ നാം വായിക്കുന്നു, മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്. പലപ്പോഴും നമ്മുടെ പ്രശ്നങ്ങളിന്മേൽ നാം പരാതി പറയുമ്പോൾ യേശു നമ്മോടു പറയുന്നത് കിടക്കുന്ന സ്ഥലത്തുനിന്ന് എഴുന്നേൽക്കുക.

38 വർഷം കുളക്കരയിൽ കുറ്റം പറഞ്ഞുകൊണ്ട് കിടന്നുറങ്ങി, ഇതാ ഒറ്റ ദിവസംകൊണ്ട് ദൈവത്തിന്റെ ആലയത്തിൽ നിന്ന് സന്തോഷിക്കുന്നു. നമ്മുടെ അവസ്ഥയെ മാറ്റുവാൻ ദൈവത്തിനു കഴിയും. നമ്മോടും ചോദിക്കുന്ന ചോദ്യം അതുതന്നെ – സൗഖ്യമാകുവാൻ നിനക്കു മനസ്സുണ്ടോ? നിന്റെ ഇപ്പോഴുള്ള അവസ്ഥയെ മാറ്റുവാൻ എന്നെ അനുവദിക്കാമോ?

അതുകൊണ്ട് നാം ഓരോരുത്തരും ദൈവത്തിൽ ആശ്രയിക്കുക, വിശ്വസിക്കുക, പ്രാപിക്കുക.

പരാമർശം :

എബ്രായർ 4:13

അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു.

സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 009